## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 565**

**10.06.2014 - ൽ മറുപടിക്ക്**

### വ്യവസായരംഗത്ത് കൂടുതൽ നേട്ടങ്ങൾക്കുള്ള കർമ്മപദ്ധതികൾ

ചോദ്യം

ശ്രീ. എം.എ വാഹീദ്
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. പി.എ. മാധവൻ
ശ്രീ. വി.ഡി. സതീശൻ

മറുപടി

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) വ്യവസായരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(എ) : വ്യവസായരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1.പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ല / താലൂക്ക് / ബ്ലോക്ക് / പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ, ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു. തിരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, എന്റർപ്രണർ ഡവലപ്പ്മെന്റ് പ്രോഗ്രാം എന്നിവയിലൂടെ പരിശീലനം നൽകി വരുന്നു.

2.സംരംഭകർക്ക് അവരുടെ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

3.സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൌകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.

4. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആന

ക്കുല്യവുമായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി.

5. വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗ സംരംഭങ്ങൾക്കും യുവ സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം പരമാവധി 30 ലക്ഷം രൂപ നൽകുന്നു.

6. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകുന്നു.

7. ഇടുക്കി, വയനാട്, കാസർഗോഡ് പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.

8. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം അധിക സഹായം ലഭിക്കും

9. എറണാകുളം ജില്ലയിലെ എടയാറിൽ 3 നിലയിലുള്ള വ്യവസായ സമുച്ചയം പണി പൂർത്തീകരിച്ചു.

10. ഡവലപ്പ്മെന്റ് ഏരിയ/ ഡവലപ്പ്മെന്റ് പ്ലോട്ട് നവീകരണ പദ്ധതിയിൻ കീഴിൽ കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തുടനീളം 7 ഡവലപ്പ്മെന്റ് ഏരിയ/ഡവലപ്പ്മെന്റ് പ്ലോട്ടുകളിലായി 1.79 കോടി രൂപ അടങ്കൽ ചെലവ് വരുന്ന പദ്ധതികൾ നടപ്പിലാക്കി.

11. തൃശ്ശൂർ, ചേലക്കരയിൽ 8.55 ഏക്കർ, കട്ടിപ്പാറയിൽ – 20.43 ഏക്കർ സ്ഥലവും വ്യവസായ ഭൂമിയായി ഏറ്റെടുത്തു.

12. മുള വ്യവസായ വികസന

ത്തിനായി 151 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന എസ്.എം.ഇ -കൾക്കായി ബിസിനസ് ടു ബിസിനസ് മീറ്റ് 2015 -ൽ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ എം.എസ്.ഇ-സി.ഡി.പി പദ്ധതി പ്രകാരം അടുത്ത 2 വർഷത്തിനുള്ളിൽ 6 സി.എഫ്.സി പദ്ധതികൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ Modified Industrial Infrastructure Upgradation Scheme പ്രകാരം ഇന്നവേറ്റീവ് ഇന്റർനാഷണൽ ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) ഇതിനായി കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായാണ് സഹകരിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായ രംഗം എത്രമാത്രം പുരോഗതി പ്രാപിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) : (സി) : (ഡി) : വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്

സെക്ഷൻ ഓഫീസർ